# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3150 | 10.05.2017 — ൽ മറുപടിക്ക്

## തുടർ ചികിത്സയിലായ അംഗങ്ങളുള്ള കുടുംബങ്ങളെ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി

**ചോദ്യം**

**ശ്രീ.എം. രാജഗോപാലൻ :**

(എ) എ.പി.എൽ വിഭാഗത്തിൽപ്പെട്ടതും എന്നാൽ ഗുരുതരമായ രോഗങ്ങളാൽ തുടർ ചികിത്സയിലുമായ അംഗങ്ങളുള്ള കുടുംബങ്ങളെ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെ നൽകാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി. തിലോത്തമൻ**
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) എ.എ.വൈ. കാർഡുകൾക്ക് 35 കി.ഗ്രാം ഭക്ഷ്യ ധാന്യവും മുൻഗണനാ വിഭാഗങ്ങൾക്ക് ആളൊന്നിന് 5 കി.ഗ്രാം ഭക്ഷ്യ ധാന്യവും, മുൻഗണനേതര സ്റ്റേറ്റ് സബ്സിഡി വിഭാഗങ്ങൾക്ക് ആളൊന്നിന് 2 രൂപ നിരക്കിൽ 2 കി.ഗ്രാം അരിയും ശേഷിക്കുന്ന അളവിനെ തുല്യമായി വീതിച്ച് മുൻഗണനേതര വിഭാഗക്കാർക്ക് നൽകി വരുന്നു.

ക്യാൻസർ, ഡയാലിസിസ് ചെയ്യേണ്ട വൃക്ക രോഗികൾ തുടങ്ങിയ മാരക രോഗങ്ങൾ ഉള്ള വ്യക്തികൾ ഉൾപ്പെടുന്ന കാർഡുകളിൽ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടു വരികയാണെങ്കിൽ മാത്രമാണ് മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള കാർഡുകളിൽ ചികിത്സാർത്ഥമുള്ള *സ്റ്റേറ്റ് പ്രയോറിറ്റി* എന്ന സീൽ ചെയ്ത് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

*സെക്ഷൻ ഓഫീസർ*